പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1956
08.03.2018 ൽ മറുപടി നൽകേണ്ടത്

**ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷൻ വാങ്ങുന്നത് ഒഴിവാക്കാൻ നടപടി**

**ചോദ്യം**
ശ്രീ. യു.ആർ. പ്രദീപ്

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്നവരുടെ എണ്ണം നിലവിൽ എത്രയാണ്; | സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 42.4 ലക്ഷം ആണ് (03/2018 ലെ സ്ഥിതി.) 47.47 ലക്ഷമാണ് ഇപ്പോഴത്തെ എണ്ണം (02.03.2020 ൽ). മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ക്ഷേമപെൻഷൻ നിലവിൽ എത്ര രൂപയാണ് നൽകി വരുന്നത്; | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകളും പ്രതിമാസം 1100 രൂപാ നിരക്കിലാണ് നൽകി വരുന്നത്. (01/04/2019 മുതൽ പ്രതിമാസം 1200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്). 75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷനായി പ്രതിമാസം 1500 രൂപയും 80% ഉം അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷനായി പ്രതിമാസം 1300 രൂപയും നൽകി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ | ഈ സർക്കാർ അധികാരത്തിൽ |

| | | |
|---|---|---|
| | വരുന്നതിനുമുമ്പ് എത്ര രൂപയായിരുന്നു; | വരുന്നതിന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപയായിരുന്നു. ക്ഷേമനിധി പെൻഷനുകൾക്ക് വ്യത്യസ്ത നിരക്കായിരുന്നു. |
| (ഡി) | തെറ്റായ വിവരങ്ങൾ നൽകി ഒന്നിൽ കൂടുതൽ ക്ഷേമപെൻഷൻ വാങ്ങുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; | തെറ്റായ വിവരങ്ങൾ നൽകി അനർഹമായി ധാരാളം പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നു എന്ന് ധാരാളം പരാതികൾ സർക്കാരിൽ ലഭിക്കുകയും ഇത് സംബന്ധിച്ച് ഒരു സർവ്വേ നടത്താൻ തീരുമാനിക്കുകയും അതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുകയും ചെയ്യുന്നു. |
| (ഇ) | എങ്കിൽ ഇതിനകം എത്രപേരുടെ ഒന്നിൽകൂടുതൽ പെൻഷൻ ഒഴിവാക്കിയിട്ടുണ്ട്, വിശദാംശം വ്യക്തമാക്കുമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി വാങ്ങി വന്നിരുന്നവർക്ക് സ്വമേധയാ ടി പെൻഷൻ ഉപേക്ഷിക്കാൻ 2018 മാർച്ച് മാസം 31 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. അതിന് ശേഷം അനധികൃതമായി പെൻഷൻ വാങ്ങുന്നു എന്ന് കണ്ടെത്തുന്നവരിൽ നിന്ന് അനർഹമായി വാങ്ങിയ തുക തിരിച്ച് പിടിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | |
|---|---|---|
| നമ്പർ | ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം |
| 1 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2585 |
| 2 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 8331 |
| 3 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 73096 |
| 4 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 65491 |
| 5 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 325 |
| 6 | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് | 58355 |
| 7 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 10061 |
| 8 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 328 |
| 9 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 691 |
| 10 | ചെറുകിട നാമമാത്ര കാർഷക പെൻഷൻ | 357297 |
| 11 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് | 2061 |
| 12 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 11931 |
| 13 | വ്യാപാരി ക്ഷേമബോർഡ് | 11073 |
| 14 | കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | 64169 |
| 15 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 53379 |
| 16 | കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് | 23867 |
| | **ആകെ** | **743040** |